ശ്രീ. പി. സി. തോമസ്: ചോദ്യം ചോദിക്കുന്നില്ല.

(ഉത്തരം പറഞ്ഞില്ല)

കെ. എസ് ഇ. ബോർഡ് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തി എന്ന പരാതി

* 572 [625] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

,, സി. ടി. കൃഷ്ണൻ:

,, സി. പി. കരുണാകരൻ പിള്ള:

,, സി. പി. മൂസ്സാൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ഡ്യൂട്ടിയുടെ കളക്ഷനും റമിറൻസും സംബന്ധിച്ച അക്കൗണ്ടുകളും ഡി. സി. ബി. സ്റേറ്റ്മെൻറുകളും കൺസ്യൂമർ രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിക്കുന്ന കാര്യത്തിൽ കെ. എസ്. ഇ. ബോർഡ് വീഴ്ച വരുത്തിയിരിക്കുകയാണെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു;

(സി) ഇതുകാരണം ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ ബോർഡിൽ നിന്നും ഗവൺമെൻറിലേക്ക് അടയ്ക്കേണ്ട സംഖ്യയുടേയും പിരിച്ചെടുത്ത ഡ്യൂട്ടിയുടെയും കണക്കുകൾ തിട്ടപ്പെടുത്താൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഒഴിവാക്കാൻ കഴിയാതിരുന്ന ചില പ്രത്യേക സാഹചര്യങ്ങളിൽ അൽപം കാലതാമസമുണ്ടായിട്ടുണ്ടെന്നല്ലാതെ ഇലക്ട്രിസിറ്റി ഡ്യൂട്ടിയുടെ കളക്ഷനും റെമിറ്റൻസും സംബന്ധിച്ച അക്കൗണ്ടുകളും ഡി.സി.ബി.-യും തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്.

(ബി) കാലതാമസം ഒഴിവാക്കാൻ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(സി) ഇല്ല. ഇലക്ട്രിസിറ്റി ബോർഡിൽനിന്നും ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുത്ത സംഖ്യയുടെയും ബാക്കി അടക്കേണ്ട സംഖ്യയുടെയും കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ: ഇതിൻെറ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നു എന്നു പറഞ്ഞു. എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു പറയാമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കഴിഞ്ഞ മാസംവരെയുള്ള മുഴുവൻ തുകയും ഗവൺമെൻറിലേക്കുള്ളത് ബോർഡ് അടച്ചുതീർത്തിട്ടുണ്ട്, ഈ ചോദ്യം വന്നതിനുശേഷം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മൂസ്സാൻകുട്ടി: കാലതാമസം ഒഴിവാക്കുമെന്നു പറഞ്ഞല്ലോ. ഇത്തരം പണം അടക്കുന്നതിന്റെ വ്യക്തമായ കണക്കുകൾ ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വേറൊരു ചോദ്യത്തിനു മറുപടിയായി ഇത് വരുന്നുണ്ട്. അഡ്വാൻസായി 45 ലക്ഷം രൂപ വീതം മാസം തോറും അടക്കുകയും കുറവുണ്ടെങ്കിൽ അടുത്ത മാസത്തിൽ അടക്കുകയും കൂടുതലുണ്ടെങ്കിൽ അടുത്ത മാസം അഡ്ജസ്റ്റ് ചെയ്യുകയും ആണ് ചെയ്യുന്നത്. കഴിഞ്ഞ മാസത്തോടുകൂടി ഡ്യൂട്ടിയിനത്തിലുള്ളത് പൂർണ്ണമായി ഗവൺമെന്റിലേക്ക് അടച്ചു തീർത്തു.

ശ്രീ. എ. സി. ജോസ്: കളക്ഷന്റെ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ബാങ്കുകൾ, വഴി കളക്ഷൻ അടക്കുന്ന പദ്ധതി നടപ്പാക്കിത്തുടങ്ങിയിട്ടുണ്ടോ? ഇല്ലെങ്കിൽ അതു നടപ്പാക്കാൻ വല്ല പരിപാടിയുമുണ്ടോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഇത് ഇലക്ട്രിസിറ്റി ഡ്യൂട്ടിയെ സംബന്ധിച്ച ചോദ്യമാണ്. ബാങ്കിന്റെ കാര്യത്തെ സംബന്ധിച്ച് ഈ നിയമസഭ അംഗീകരിച്ച റിപ്പോർട്ടുണ്ട്. ഇത് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇലക്ട്രിസിറ്റി ബോർഡിൽനിന്ന് ഗവൺമെന്റിലേക്ക് അടക്കുന്ന കാര്യമാണ്.

വെളിച്ചെണ്ണ ഇറക്കുമതി

* 573[626] ശ്രീ. പി. കരുണാകരൻ:
,, പി. പി. എസ്തോസ്:
,, എം. വി. രാഘവൻ:
,, വി. വി. ദക്ഷിണാമൂർത്തി:
,, സി. ബി. സി. വാര്യർ:
,, പി. കെ. ചന്ദ്രാനന്ദൻ:
,, പി. ആർ. ശിവൻ:
,, വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രിസദയം മറുപടി നൽകുമോ:

(എ) വെളിച്ചെണ്ണ, കൊപ്ര, റബ്ബർ, കൊക്കോ എന്നിവയുടെ ഇറക്കുമതി നിറുത്തി വയ്ക്കുന്നതു സംബന്ധിച്ച് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയതിനുശേഷവും വെളിച്ചെണ്ണ ഇറക്കുമതി നടന്നിട്ടുള്ളതായി ഗവൺമെന്റിന് അറിവുണ്ടോ;

(ബി) നിയമസഭ പാസ്സാക്കിയ പ്രമേയം പ്രധാനമന്ത്രിയുടെയും, കേന്ദ്ര ഗവൺമെന്റിലെ ബന്ധപ്പെട്ട മറ്റു മന്ത്രിമാരുടെയും ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന് അവരിൽ നിന്നുണ്ടായ പ്രതികരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly